കേന്ദ്ര സർക്കാരിന്റെ Agriculture Produce Market Committee Act (APMC Act)-ന്റെ പരിധിയിൽ വരുന്ന സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 585 വിപണികൾ ആണ്. ഓൺലൈൻ ദേശീയ കാർഷിക വിപണി സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. കേരളത്തിൽ എ.പി.എം.സി. ആക്ട് നിലവിലില്ല. കേരളത്തിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ സംസ്ഥാനത്ത് സ്വതന്ത്രമായി വിപണനം നടത്തുന്നതിന് നിലവിലുള്ള സാഹചര്യത്തിൽ സാദ്ധ്യമാണ്. ആയതിനാൽ ഇതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

കുടുംബശ്രീ പ്രവർത്തന വിപുലീകരണം

3 (*573) ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) കേവല ദാരിദ്ര്യം സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ഇല്ലാതാക്കുന്നതിന്, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനപ്പുറത്ത് അവകാശാധിഷ്ഠിത സമീപനം സ്വീകരിച്ച് ദാരിദ്ര്യം അനുഭവിക്കുന്നവരെയും നിരാശ്രയരേയും കണ്ടെത്തി അവർക്ക് സംരക്ഷണ വലയം ഉണ്ടാക്കുന്നതിനും ഇത്തരം വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ കുടുംബശ്രീ സ്വീകരിച്ചുവരുന്നു. 1043 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 82483 ആശ്രയ ഗുണഭോക്താക്കൾക്ക് 489.41 കോടി രൂപയും ചലഞ്ച് ഫണ്ടായി 105.7 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട ആശ്രയ പദ്ധതി 553 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചു. 44917 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നു. കുടുംബശ്രീയിൽനിന്നും ചലഞ്ച് ഫണ്ട് ഇനത്തിൽ 22.47

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 62 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 4140 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക എസ്.റ്റി. ആശ്രയ പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 22.47 കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

100-ൽപരം ആശ്രയ ഇടർസേവന പദ്ധതികൾക്ക് അംഗീകാരം നൽകുകയും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും മുഴുവൻ അർഹതപ്പെട്ടരെയും ആശ്രയ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയാണ് കുടുംബശ്രീയുടെ ലക്ഷ്യം.

പഞ്ചായത്തുകളുമായി സഹകരിച്ച് 12-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രവർത്തകർക്ക് വിവിധ ജീവനോപാധി, സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതാണ്. ഹെൽപ്പ് ഡെസ്ക്, ഗ്രാമ കേന്ദ്രം/സേവാ കേന്ദ്രം, പരസ്യനികുതി പിരിവ്, ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിന് കിലയുമായി യോജിച്ച് പരിശീലന പരിപാടികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. 30,000 അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് വീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, വിവരസാങ്കേതിക മേഖല, ഫാർമസി, നഴ്സിംഗ് എന്നീ മേഖലയിൽ വൈദഗ്ധ്യപരിശീലനം നൽകി തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നു.

സുരക്ഷിതമായ ഭക്ഷ്യോല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും തരിശ്ശുരഹിത കേരളം എന്ന ലക്ഷ്യത്തിനുവേണ്ടിയും കുടുംബശ്രീ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷിക മൃഗസംരക്ഷണ മേഖലയിലെ ഇടപെടലുകളിലൂടെ 972 ഫാർമേഴ്സ് ഫെസിലിറ്റി സെന്ററുകളും (എഫ്.എഫ്.സി.) 9833 മാസ്റ്റർ കർഷകരും 61836 ജെ.എൽ.ജി.-കളും വഴി നടപ്പിലാക്കിവരുന്നു. 38706 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. മൃഗസംരക്ഷണ മേഖലയിൽ കഴിഞ്ഞ 3 വർഷം 19.562 കോടി രൂപ 16267 കുടുംബശ്രീ അംഗങ്ങൾ ധനസഹായം നൽകി. കുടുംബശ്രീ 17-ാം വാർഷികത്തോടനുബന്ധിച്ച് ഭക്ഷ്യ സുരക്ഷയും ഭക്ഷ്യ സ്വാശ്രയത്വവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി അയൽക്കൂട്ടതലം മുതൽ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

മാധ്യമ അവബോധത്തിലൂടെ സ്ത്രീശാക്തീകരണം എന്ന ലക്ഷ്യം നേടുന്നതിന് 7-11-2014-ന് മീഡിയാശ്രീ പദ്ധതി ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയും നേട്ടങ്ങളും ഉൾപ്പെടുത്തി വീഡിയോ ചിത്രങ്ങളാക്കി പ്രവർത്തിക്കുന്ന പദ്ധതിയിലൂടെ 58 പഞ്ചായത്തുകളുടെ പ്രക്രിയ പൂർത്തിയാക്കുകയും 80 പഞ്ചായത്തുകൾ കൂടി പദ്ധതി നടപ്പിലാക്കാൻ തയ്യാറായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ദൃശ്യ-മാധ്യമ പ്രവർത്തന രംഗത്തേക്ക് തൊഴിൽ സംരംഭ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഫ്രെയിംശ്രീ പദ്ധതി നടപ്പിലാക്കുന്നു. മുതിർന്ന പൗരന്മാരുടെയും വയോജനങ്ങളുടേയും സംരക്ഷണവും ക്ഷേമത്തിനും വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കുടുംബശ്രീ മൈക്രോഫിനാൻസ്

2014-15 വർഷകാലയളവിൽ 48081 അയൽക്കൂട്ടങ്ങൾക്കായി 1187 കോടി ബാങ്ക് ലിങ്കേജ് ലഭ്യമാക്കി. 2013-14-ൽ ഇത് 39481 അയൽക്കൂട്ടങ്ങൾക്കായി 49 കോടി ലഭ്യമാക്കി. 2014-15 വർഷകാലയളവിൽ അയൽക്കൂട്ട സമ്പാദ്യമായി 444.93 കോടി രൂപ സൃക്ഷിച്ചു. ആന്തരിക വായ്പയായ ഇതേ കാലയളവിൽ 1736.01 കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത്. 2015-16 വർഷകാലയളവിൽ 1300 കോടി അയൽക്കൂട്ട വായ്പയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുടുംബശ്രീ അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഒരു ഉപജീവന ഉപാധിയാണ് സൂക്ഷ്മ സംരംഭങ്ങൾ. നിലവിൽ റൂറൽ മൈക്രോ എന്റർപ്രൈസസ് സ്കീം (ആർ.എം.ഇ.)-യുടെ യുവശ്രീ എന്നീ പദ്ധതികളിലൂടെയാണ് സൂക്ഷ്മ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലായി 1846 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 5 കോടി 84 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം സംരംഭങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിരവധി പിന്തുണാ സഹായങ്ങളും കുടുംബശ്രീ സംരംഭങ്ങൾക്ക് നൽകുന്നുണ്ട്. പരിശീലനം, ഇന്നവേഷൻ ഫണ്ട്, റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിവയും മാർക്കറ്റിംഗ് സഹായവും നൽകുന്നുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി എല്ലാ മാസവും ജില്ലാതല അവലോകന യോഗവും സംസ്ഥാനതല അവലോകന യോഗവും നടത്താറുണ്ട്. വിവിധ പദ്ധതികളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ബ്ലോക്ക് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും കോ-ഓർഡിനേറ്റർമാരേയും കൺസൾട്ടന്റ്മാരേയും നിയമിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഗ്രാമീൺ കൗശല്യ യോജനയുടെ ഭാഗമായി 152 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരേയും 12 ജില്ലാ കൺസൾട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്. മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഭാഗമായി 148 എം.കെ.എസ്.പി. കോ-ഓർഡിനേറ്റർമാരേയും സമഗ്ര പദ്ധതിയുടെ ഭാഗമായി 50 സമഗ്ര കോ-ഓർഡിനേറ്റർമാരേയും ജില്ലകളിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ പ്രവർത്തനങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ പദ്ധതികളെ സംബന്ധിച്ച് പരിശീലനം നൽകി സജ്ജരാക്കിയിട്ടുള്ള 300-ലധികം എം.ഇ.സി.-മാരും ആർ.പി.-മാരും നിലവിലുണ്ട്. കുടുംബശ്രീ പ്രവർത്തനം മറ്റ സംസ്ഥാനങ്ങളിൽ വ്യാപിപ്പിക്കുന്നതിന് 8 സംസ്ഥാനങ്ങളുമായി കരാർ ഒപ്പിട്ടു. ഇതിനായി കുടുംബശ്രീയുടെ കീഴിൽ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ പ്രവർത്തിക്കുന്നു.

കെട്ടിടങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥ

4 (*574) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനില മന്ദിരങ്ങൾക്കും പാർപ്പിട സമുച്ചയങ്ങൾക്കും നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ ; നിലവിലുള്ള നിയമവ്യവസ്ഥകളും ഇവയുടെ പ്രയോഗത്തിലെ പ്രശ്നങ്ങളും വിശദമാക്കാമോ ;

(ബി) താമസക്കാരുടെ സുരക്ഷയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പുതുതായി കൊണ്ടുവരാനുദ്ദേശിക്കുന്ന വ്യവസ്ഥകൾ വിശദമാക്കാമോ ;

(സി) ദേശീയ കെട്ടിട നിർമ്മാണചട്ടങ്ങളിലെ (എൻ.ബി.സി.) വകുപ്പുകൾ ബാധകമായിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾ ഏതെല്ലാം തരത്തിലുള്ളവയാണെന്ന് വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സർക്കാർ കാലാകാലങ്ങളിലായി ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ആയതുമൂലം ചട്ടങ്ങൾ നടപ്പിലാക്കുന്നതിലെ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ചട്ടങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശപ്രകാരം കേരളാ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

കേരള മുനിസ്സിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വിവിധ ഓക്യുപൻസികളിൽപ്പെട്ടതും നിർദ്ദിഷ്ട വലിപ്പത്തിലുള്ളതുമായ കെട്ടിടങ്ങൾക്ക്/പ്ലോട്ട് വിഭജന ക്രമവികസന പ്രവൃത്തികൾക്ക് ജില്ലാ ടൗൺ പ്ലാനർ/ ചീഫ് ടൗൺ പ്ലാനറിൽനിന്നും കൺകറൻസ് ആവശ്യമാണെന്ന് പ്രതിപാദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly